പണിനിർത്തിവച്ച പോലീസ് സ്റ്റേഷനുകളും പോലീസ് ക്വാർട്ടേഴ്സുകളും

* 311. [370] ശ്രീ. കെ. വി. സുരേന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ടെണ്ടർ വച്ച് പണിതുടങ്ങിയതിനുശേഷം, പണി നിർത്തിവച്ച പോലീസ് സ്റ്റേഷനുകളോ പോലീസ് ക്വാർട്ടേഴ്സുകളോ ഉണ്ടോ ;

(ബി) ഉണ്ടെങ്കിൽ എവിടെയെല്ലാം ;

(സി) ഇവയുടെ പണി എന്നത്തേക്കു പൂർത്തിയാകും ?

ആഭ്യന്തര വകുപ്പുമന്ത്രി (ശ്രീ. വയലാർ രവി) :

(എ) ടെണ്ടർ നിബന്ധനകളിൽ നിന്നൊഴിവാക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് കരാർകാർ നിർത്തിവച്ച പണികളുണ്ട്.

(ബി) അവ താഴെപ്പറയുന്നവയാണ് :

1. എ. ആർ. ക്യാമ്പ് ചെന്നിത്തല കെട്ടിടം.
2. റാന്നി പോലീസ് ക്വാർട്ടേഴ്സ്.
3. കൊല്ലം എ. ആർ. ക്യാമ്പ്.
4. കെ.എ.പി. 1-ാം ബറ്റാലിയനുവേണ്ടിയുള്ള തൃശ്ശൂരിലെ കെട്ടിടം.
5. കുന്നംകുളം പോലീസ് സ്റ്റേഷൻ കെട്ടിടം.
6. കൊരട്ടി പോലീസ് സ്റ്റേഷൻ കെട്ടിടം.
7. കൊഴിഞ്ഞാംപാറ പോലീസ് ക്വാർട്ടേഴ്സ്.
8. കൊഴൽമന്ദം പോലീസ് ക്വാർട്ടേഴ്സ്.

(സി) തീയതി പറയാനാവില്ല.

(iii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളും ഉത്തരങ്ങളും

സംസ്ഥാനത്തെ ജയിലുകൾ

1184. [1618] ശ്രീ. സി. ടി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നമ്മുടെ സംസ്ഥാനത്ത് എത്ര സെൻട്രൽ ജയിലുകളും സബ് ജയിലുകളും ഉണ്ട് ;

(ബി) എല്ലാ ജയിലുകളിലുംകൂടി എത്ര ജീവനക്കാർ (ജയിൽ വാർഡർ തുടങ്ങി സൂപ്രണ്ടുവരെയുള്ളവർ) ജോലി ചെയ്യുന്നുണ്ട് ;

(സി) സംസ്ഥാനത്തെ പോലീസ് ഉദ്യോഗസ്ഥൻമാരുടെയും ജയിൽ ഉദ്യോഗസ്ഥൻമാരുടെയും സേവനവേതന വ്യവസ്ഥകളിൽ വ്യത്യാസങ്ങളുണ്ടോ ?

(ഡി) ഉണ്ടെങ്കിൽ എന്തെല്ലാം ;

(ഇ) ജയിൽ ഉദ്യോഗസ്ഥൻമാരുടെ ശമ്പളം ഏറ്റവും ഒടുവിൽ പരിഷ്കരിച്ചത് എപ്പോഴാണ് ?



LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) സെൻട്രൽ ജയിൽ—3.
സബ് ജയിലുകൾ—32.

(ബി) 994 ജീവനക്കാർ.

(സി & ഡി) സമാന തസ്തികകൾ അല്ലാത്തതിനാൽ താരതമ്യപഠനം സാദ്ധ്യമല്ല.

(ഇ) 1-7-1978-ൽ.

ജയിലുകളിലെ തടവുകാർ

1185. [1619] ശ്രീ. ലോനപ്പൻ നമ്പാടൻ :
,, എം. വി. രാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1-7-1985-ൽ സംസ്ഥാനത്തെ ജയിലുകളിൽ തൂക്കിക്കൊല്ലാൻ വിധിക്കപ്പെട്ട എത്ര തടവുകാർ ഉണ്ട് ; 12 വർഷത്തിലധികം കഴിഞ്ഞ തടവുകാർ എത്ര ;

(ബി) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം 1-7-1985 വരെ എത്രപേരെ ജയിലുകളിൽനിന്ന് മനോരോഗാശുപത്രികളിലേക്കയച്ചിട്ടുണ്ട് ;

(സി) അതിൽ എത്രപേർ ഇപ്പോഴും ആശുപത്രികളിലുണ്ട് ;

(ഡി) എത്രപേരെ ശിക്ഷ കഴിഞ്ഞുവിട്ടു ;

(ഇ) സംസ്ഥാനത്തെ ജയിലുകളിലുള്ള തടവുകാരിൽ മനോരോഗികളുടെ എണ്ണം കൂടിക്കൂടി വരുന്നതായി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(എഫ്) ഉണ്ടെങ്കിൽ ഇതിനുള്ള കാരണം പരിശോധിക്കുവാനും അത് പരിഹരിക്കുവാനും നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) തൂക്കിക്കൊല്ലാൻ വിധിക്കപ്പെട്ട 9 പേർ. 12 വർഷത്തിലധികം കഴിഞ്ഞ തടവുകാരുടെ എണ്ണം ഒന്ന്.

(ബി) 48 പേർ.
(സി) 9 പേർ.
(ഡി) 5 പേർ.
(ഇ) ഇല്ല.
(എഫ്) ചോദ്യം ഉദിക്കുന്നില്ല.

വിചാരണത്തടവുകാർ

1186. [1620] ശ്രീ. കെ. ജെ. ജോർജ് :
,, എം. വി. രാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സെൻട്രൽ ജയിലുകളിൽ (വിയ്യൂർ, കണ്ണൂർ, തിരുവനന്തപുരം) ഇപ്പോൾ എത്ര ശിക്ഷിക്കപ്പെട്ട തടവുകാരുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) ഇതിൽ ജീവപര്യന്തം തടവുകാരെത്ര ; വിചാരണത്തടവുകാർ എത്ര ;

LIBRARY ARCHIVES Kerala Legislative Assembly